# ഹായ്.... ഐസ്ക്രീം

എം. വി. മാത്യു




ഒരു ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട് (ബാംഗ്ലൂർ) പ്രസിദ്ധീകരണം.
*ഉപഭോക്തൃ വിദ്യാഭ്യാസത്തിനായി പ്രസിദ്ധീകരിക്കുന്നു*
കൺസ്യൂമർ ന്യൂസ് ബുക്ക് ക്ലബ്ബ്–എടൂർ, പായം-670704-ഫോൺ 049849-475
വിതരണം ചെയ്യുന്നു.

വില : 1രൂപ 50 പൈസ

# ഹായ് ഐസ്ക്രീം

(HAI ICE CREAM)

കുട്ടികളുടെ ഉപഭോക്തൃ വിദ്യാഭ്യാസത്തിനായി പ്രസിദ്ധീകരിക്കുന്നു.

*ഗ്രന്ഥകർത്താവ്*
**എം. വി. മാത്യു**
പ്രസിഡൻറ്, നോസർ-ഇന്ത്യ,
എടൂർ-പായം P.O. 670 704

*വില* - ഒരു രൂപ അൻപത് പൈസ

*ആദ്യമുദ്രണം*
15000 പുസ്തകം

*പ്രസിദ്ധീകരിക്കുന്നത്*
**ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട്**
24, ബെൻസൺ റോഡ്, ബെൻസൺ ടൗൺ
ബാംഗ്ലൂർ-560046

*കംപ്യൂട്ടർ ടൈപ്പ്സെറ്റിംഗ്*
**കൊഡാപ്സ്കാൻ**, കണ്ണൂർ-2. ഫോൺ: 66097

*പ്രിൻറിംഗ്*
ബി ആർ ബി ഓഫ്സെറ്റ് പ്രിൻറേഴ്സ്,
കണ്ണൂർ-6. ഫോൺ: 69995

*വിതരണം*
**കൺസ്യൂമർ ന്യൂസ് ബുക്ക് ക്ലബ്ബ്**
എടൂർ-പായം-670 704

പ്രിയ ഉപഭോക്തൃ സുഹൃത്തുക്കളെ,

അന്തരിച്ച പ്രധാന മന്ത്രി ശ്രീരാജീവ്ഗാന്ധി 1986-ൽ മുൻകൈ എടുത്ത് ഇന്ത്യൻ പാർലമെൻറിൽ കേവലം ആറുമാസം കൊണ്ട് പസ്സാക്കിയെടുത്ത നിയമമാണ് ഉപഭോക്തൃ സംരക്ഷണ നിയമം. ഇന്ന് ഇന്ത്യയിലെ എല്ലാ ജില്ലകളിലും ഉപഭോക്തൃതർക്ക പരിഹാരഫോറങ്ങൾ സ്ഥാപിച്ച് സാധാരണക്കാരായ പൗരന്മാർക്ക് സാധനംവാങ്ങുമ്പോഴോ, സേവനം നേടുമ്പോഴോ ഉണ്ടാകുന്ന ചൂഷണങ്ങളിൽ നിന്നും യാതൊരു സാമ്പത്തികമുടക്കോ, വക്കീലോ, കോർട്ട്ഫീയോ, സ്റ്റാമ്പോ ഇല്ലാതെ നഷ്ടപരിഹാരം നേടുവാൻ സാധിക്കുന്ന നിയമം. ഈ നിയമത്തെകുറിച്ച് എല്ലാവരും പ്രത്യേകിച്ച് സ്ത്രീകളും കുട്ടികളും അറിയണം.

ഉപഭോക്തൃ സംരക്ഷണ രംഗത്ത് കുട്ടികൾക്കും, സ്ത്രീകൾക്കും കൂടുതൽ പ്രവർത്തിക്കുവാൻ നാഷണൽ ഓർഗാനിസേഷൻ ഫോർ കൺസ്യൂമർ എഡ്യൂക്കേഷൻ ആൻറ് റിസർച്ച് (നോസർ - ഇന്ത്യ) എടൂർ - പായം - P.O. 670704 എന്ന സംഘടന 1992 മെയ് 20-ന് "കൺസ്യൂമർ വനിത ക്ലബ്ബും" 1992 ജൂലൈ 10 ന് കൺസ്യൂമർ സ്റ്റുഡൻസ് സെൻറർ" കുട്ടികൾക്കുമായി രൂപീകരിച്ചു.

സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കും, സ്കൂളുകളിൽ പഠനം നിർത്തിയവർക്കും ഒരുമിച്ചു കൂടി തങ്ങളെ ചൂഷണം ചെയ്യുന്ന അവസ്ഥകളിൽ സാധനം വങ്ങിക്കുമ്പോൾ, സേവനം നേടുമ്പോൾ ഉണ്ടാകുന്ന വഞ്ചനയിൽ നിന്നും ചൂഷണത്തിൽ നിന്നും മോചനംനേടുകയാണ് പ്രവർത്തനലക്ഷ്യം.

ഈലക്ഷ്യം നേടുന്നതിന് കൺസ്യൂമർ ന്യൂസ് ബുക്ക് ക്ലബ്ബിലൂടെ ഞങ്ങൾ 13 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. ചെറുപ്രായത്തിൽ തന്നെ കുട്ടികളിൽ ഉപഭോക്തൃ ചൂഷണത്തെ കുറിച്ച് അറിവുനല്കി അമിതമായ ഉപഭോഗ താല്പര്യം ഒഴിവാക്കി മിതവ്യയം ശീലിക്കുവാനും, ചൂഷണത്തിനെതിരെ അറിവുനല്കുകയുമാണ് ഈ പുസ്തകം കൊണ്ട് ഉദ്ദേശിക്കുന്നത്. കുട്ടികൾക്ക് എളുപ്പം മനസ്സിലാകുന്ന അനുഭവങ്ങളിലൂടെ നിയമത്തെ കുറിച്ച് അറിവുനല്കുന്ന രീതിയിൽ കഥാരൂപത്തിൽ ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നു. ഉപഭോക്തൃ നിയമസംബന്ധമായി കുട്ടികൾക്കുള്ള ഇന്ത്യയിലെ ആദ്യപുസ്തകമാണിതെന്ന് ഞങ്ങൾ കരുതുന്നു.

ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നതിനുവേണ്ട സഹകരണം നല്കിയ ബാംഗ്ലൂരിലെ ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട് അധികൃതർക്ക് നന്ദി അറിയിച്ചുകൊണ്ട് ഭാരതത്തിലെ കുട്ടികൾക്കായി ഈ പുസ്തകം സമർപ്പിക്കുന്നു.

എം. വി. മാത്യു

## ഉപഭോക്താവിൻെറ അവകാശങ്ങൾ.

1. സുരക്ഷിതത്വത്തിനുള്ള അവകാശം
2. വിവരങ്ങൾ അറിയുവാനുള്ള അവകാശം
3. തിരഞ്ഞെടുക്കുവാനുള്ള അവകാശം
4. പരാതികൾ സമർപ്പിക്കുന്നതിനും, പരാതികൾ പരിഹരിക്കുന്നതിനുമുള്ള അവകാശം.
5. ഉപഭോക്തൃ സമിതികൾ രൂപീകരിക്കുന്നതിനുള്ള അവകാശം
6. ഉപഭോക്തൃ വിദ്യാഭ്യാസത്തിനുള്ള അവകാശം
7. ആരോഗ്യപരമായ അവസ്ഥയിൽ ജീവിക്കുന്നതിനുള്ള അവകാശം
8. പ്രാതിനിധ്യത്തിനുള്ള അവകാശം
9. അടിസ്ഥാന ആവശ്യങ്ങൾക്കുള്ള അവകാശം

## ആരാണ് ഉപഭോക്താവ് ?

പണം കൊടുത്ത് സാധനമോ സേവനമോ വാങ്ങുന്നവരും അവരുടെ പരിപൂർണ്ണസമ്മതത്തോടെ ആ സാധനവും സേവനവും ഉപയോഗിക്കുന്നവരും ഉപഭോക്താക്കളാണ്.

ഉപഭോക്താവിന് ജാതിയോ, മതമോ, രാഷ്ട്രിയമോ, വർഗ്ഗമോ, സാമൂഹികമോ ആയ വ്യത്യാസമില്ല. എല്ലാവരും ഉപഭോക്താവാണ്.



ഉപഭോക്താവാണ് രാജാവ്

- സ്വാമിവിവേകാനന്ദൻ



ഉപഭോക്താവ് നമ്മുടെ അതിഥിയാണ്. അദ്ദേഹം നമ്മെ ആശ്രയിച്ചുകഴിയുന്ന ആളല്ല. നാം അദ്ദേഹത്തെ ആശ്രയിച്ചുകഴിയുകയാണ് ചെയ്യുന്നത്. അദ്ദേഹം നമ്മുടെ ജോലിക്ക് ഒരു തടസ്സമല്ല. നമ്മുടെ ജോലിയുടെ ലക്ഷ്യം തന്നെ അദ്ദേഹമാണ്. നമ്മുടെ സേവനം ഔദാര്യമല്ല. സേവിക്കാൻ അനുവദിക്കുന്നത് അദ്ദേഹം നമ്മോട് കാണിക്കുന്ന ഔദാര്യമാണ്.

- മഹാത്മാഗാന്ധി

## ★ ഹായ് ഐസ്ക്രീം ★

റോയിയും രാജനും കൂട്ടുകാരാണ്. എട്ടാം ക്ലാസ്സിൽ പഠിക്കുന്നു. രാവിലെയും വൈകിട്ടും രണ്ടുപേരും ഒരുമിച്ചാണ് സ്കൂളിലേക്ക് വരുന്നതും തിരിച്ചുപോകുന്നതും. പഠിക്കുവാൻ മിടുക്കരാണ് രണ്ടുപേരും.

അന്ന് സ്കൂൾ വിട്ടു തിരിച്ചുപോകുമ്പോൾ റോയി പറഞ്ഞു. ഇന്നലെ എൻെറ അങ്കിൾ വന്നിരുന്നു. അഞ്ചുരൂപ കിട്ടിയിട്ടുണ്ട്. നമുക്ക് ഐസ്ക്രീം വാങ്ങാം.

രാജൻ പറഞ്ഞു 'വേണ്ട റോയി ഐസ്ക്രീം നല്ലതല്ല'

നിനക്കുവേണ്ടെങ്കിൽ വേണ്ട 'ഞാൻ കഴിക്കും'

രാജൻ റോഡിൽ കാത്തുനിന്നു. റോയി രണ്ടു ഐസ്ക്രീം വാങ്ങി. രാജൻ പറഞ്ഞു എനിക്കുവേണ്ട. ഇതൊന്നും നല്ലതല്ല. വയറിനസുഖമുണ്ടാക്കും.


റോയി രാജനെ കളിയാക്കി എല്ലാവരും കഴിക്കുന്ന രുചികരമായ ''ഐസ്ക്രീം'' ഒരസുഖവും വരില്ലെടാ.

റോയി ഒന്നിനു പുറകെ ഒന്നായി രണ്ട് ഐസ്ക്രീം കഴിച്ചു. പിറ്റേദിവസം രാജൻ റോയിയെ സ്കൂളിൽ പോകാൻ കാത്തുനിന്നു. ഐസ്ക്രീം കഴിക്കാത്തതിൻെറ പിണക്കമായിരിക്കും എന്ന് വിചാരിച്ച് രാജൻ സ്കൂളിലേയ്ക്ക് നടന്നു. സ്കൂളിലും റോയി വന്നിട്ടില്ല. എല്ലാ ദിവസവും ക്ലാസ്സിൽ മുടങ്ങാതെ വരുന്ന റോയിക്കെന്തുപറ്റി?

സ്കൂൾ വിട്ടയുടനെ രാജൻ വീട്ടിലെത്തി അമ്മയോട് അനുവാദം വാങ്ങി റോയിയുടെ വീട്ടിലെത്തി.

റോയി രണ്ടുകൈയും എളിക്കു കുത്തി നില്ക്കുന്നു. രാജനെ കണ്ടതും റോയി പുറത്തേക്കോടി. ഇതെന്താ കാര്യം റോയിയുടെ ചാച്ചൻ ഡേവിഡ്ചേട്ടൻ വരാന്തയിലുണ്ട്. കരിക്കിൻെറ വെള്ളം ഗ്ലാസ്സിലൊഴിക്കുന്നു. എന്താ ഡേവിഡ് പപ്പാ റോയി സ്കൂളിൽ വരാതിരുന്നത്.

അവന് വയറ്റിൽ അസുഖമാണ്. ഇന്ന് രാവിലെ മുതൽ വയറ്റിൽ നിന്നും ഒഴിയുന്നു. അവനെ ഡോക്ടറെ കാണിച്ചപ്പോൾ പ്രത്യേകമായി കഴിച്ചത് ഐസ്ക്രീം മാത്രമേ ഉള്ളൂ എന്നാണ് പറഞ്ഞത്.



'ഐസ്ക്രീം കഴിച്ചാൽ ഇങ്ങനെ അസുഖം ഉണ്ടാകുമോ?' രാജന് സംശയം അപ്പോഴേക്കും റോയിയുമെത്തി. കൂട്ടുകാരനെ കണ്ടതിൽ റോയിക്കു സന്തോഷം. 'ഐസ്ക്രീമിൽ ചേർക്കുന്ന ചായം വളരെ ഗുണം കുറഞ്ഞതും രോഗം വരുത്തുന്നതുമാണ്." ഡേവിഡ് പപ്പ പറഞ്ഞു.

"ഐസ്ക്രീമിൽ ചേർക്കുന്ന നിറം വിഷമാണ്."

'ഞാനതറിഞ്ഞില്ല പപ്പാ' ഇല്ലെങ്കിൽ ഞാൻ കഴിക്കുകയില്ലായിരുന്നു. റോയി സങ്കടപ്പെട്ടു.

'ഐസ്ക്രീം പാർലറുകളിലേക്കും, ഐസ്ക്രീം വില്പനക്കാരനിലേയ്ക്കും ആകർഷിക്കാൻ രുചിക്കുപുറമേ മയക്കുമരുന്നുകളും ചേർക്കാറുണ്ട്. ഒരുദിവസം കഴിച്ചാൽ വീണ്ടും കഴിക്കാൻ തോന്നും. അങ്ങനെ കുട്ടികളെ തങ്ങളുടെ അടിമകളാക്കാനും കൂടുതൽ ഐസ്ക്രീം വിറ്റഴിക്കാനും ശ്രമിക്കുന്നു. ഡേവിഡ് പപ്പ പറഞ്ഞു.

"ശ്ശോ-എന്ത് പാതകം" രാജൻ നെടുവീർപ്പിട്ടു. ഗുണമേന്മയില്ലാത്ത ചായവും കലർത്തി ഒപ്പം മയക്കുമരുന്നോ ലഹരി വസ്തുക്കളോ ചേർത്ത് അമിത ലാഭമുണ്ടാക്കാൻ കുഞ്ഞുമക്കളെ ഇരയാക്കുന്ന ഐസ്ക്രീം കച്ചവടക്കാരെ കണ്ടുപിടിക്കാനും, കൂട്ടുകാർക്ക് ഐസ്ക്രീമും മറ്റും സ്കൂൾ പരിസരത്തു വില്ക്കുന്ന പദാർത്ഥങ്ങളും കഴിക്കുന്നതുകൊണ്ടുള്ള ദോഷവശങ്ങളും അറിയിക്കുവാൻ നിങ്ങൾ ശ്രമിക്കൂ. റോയിക്കും രാജനും അതു സാധിക്കുമല്ലോ?

"ഞങ്ങളുടെ സ്കൂൾ മുറ്റത്തും ഒരു ഐസ്ക്രീം കച്ചവടക്കാരൻെറ അടുക്കൽ എപ്പോഴും വലിയ തിരക്കാ" റോയി പറഞ്ഞു.



"മക്കളെ, നിങ്ങൾ ഞാൻ പറഞ്ഞ കാര്യങ്ങൾ കുട്ടികളുടെ അടുത്ത് പറയുക. ഒപ്പം ഈ കാര്യങ്ങളെക്കുറിച്ചറിയുവാനുള്ള പുസ്തകങ്ങളും വാങ്ങിത്തരാം."

ഉവ്വ് പപ്പാ, ഞങ്ങൾ തീർച്ചയായും കുട്ടികൾക്ക് ചായം ചേർക്കുന്നതിൻെറ ദോഷവശം പറഞ്ഞുകൊടുക്കും രാജനും, റോയിയും പ്രതിജ്ഞയെടുത്തു. ഡേവിഡ് പപ്പക്ക് സന്തോഷമായി.

## ★ ഞെക്കുകുട ★

റസീനയും രജനിയും കൂട്ടുകാരാണ്. രണ്ടുപേരുടെയും വീടടുത്താണ്. റസീന സാമ്പത്തികമായി ഉയർന്ന കുടുംബത്തിലെയും രജനി പാവപ്പെട്ട വീട്ടിലെയുമാണ്. എന്നാൽ അവരുടെ സുഹൃദ്ബന്ധത്തിന് സാമ്പത്തികമായ അകൽച്ച ഒരുപ്രതിബന്ധമല്ല.

മിന്നുന്ന ഉടുപ്പും, ചെരുപ്പും, ബാഗും, ഞെക്കുകുടയുമായി റസീന വരുമ്പോൾ രജനി അസൂയപ്പെടാറുണ്ട്. പഴയ നിറമില്ലാത്ത ഉടുപ്പും. പ്ലാസ്റ്റിക് കൂട്ടിൽ പുസ്തകവും, സാധാരണ കുടയും കൊണ്ടു നടക്കുന്ന രജനിക്ക് പലപ്പോഴും വിഷമം തോന്നാറുണ്ട്. എന്നാലും തൻെറ അച്ഛനും അമ്മയും കൂലിപ്പണി എടുത്ത് തന്നെയും ഇളയ അനുജന്മാരേയും അനുജത്തിമാരെയും സ്കൂളിൽ അയ്ക്കുന്നതിൻെറ വിഷമം പത്താം ക്ലാസ്സുകാരിയായ രജനിക്ക് നന്നായി അറിയാം. ആയതിനാൽ അവൾ ഒന്നിനും നിർബന്ധം പിടിക്കാറില്ല.

അന്നും പതിവുപോലെ രജനിയും റസീനയും സ്കൂളിലേയ്ക്കു പുറപ്പെട്ടു. രാവിലെ മഴയില്ലായിരുന്നു. ഏകദേശം പകുതി വഴി പിന്നിട്ടപ്പോൾ പെട്ടെന്ന് മഴവന്നു. റസീന തൻെറ മടക്കുകുട എടുത്തുമടക്കുനിവർത്തി. ഞെക്കുന്ന ബട്ടണമർത്തി. മഴ തുള്ളിയായി വീണുതുടങ്ങിയിരുന്നു. രജനി കുടനിവർത്തി മഴനനയാതെ നടന്നു. രജനി നോക്കുമ്പോൾ റസീന ബട്ടണമർത്തിയ ഉടനെ കുട തെറിച്ചു മുമ്പോട്ടുപോയി. കുടയുടെ കൈ റസീനയുടെ കൈയ്യിലും കുട മുമ്പിലെ ചെളിവെള്ളത്തിലും. റസീന കുടയുടെ പിറകെ ഓടി വെള്ളത്തിൽ ചവിട്ടിയതും വെള്ളം കെട്ടിനിന്ന കുഴിയിൽ റസീന തെന്നിവീണു.



കുട വെള്ളത്തിൽ നിന്ന് എടുത്തപ്പോഴേക്കും റസീന ആകെന നഞ്ഞു. മഴയും ശക്തിയായിരുന്നു. റസീനക്കാകെ സങ്കടമായി സ്കൂളിൽ പോകുവാൻ നിവൃത്തിയില്ല. കുടചൂടുവാനും നിവൃത്തിയില്ല, റസീനയും രജനിയുടെ കുടക്കീഴിൽ തിരിച്ചു വീട്ടിലേയ്ക്കുപോന്നു.

രാവിലെ സ്കൂളിലേയ്ക്കു പോയ റസീനയും രജനിയും തിരിച്ചുവരുന്നത് രജനിയുടെ ചേച്ചി കണ്ടു. റസീന നനഞ്ഞു കുളിച്ചിരിക്കുന്നു. കുട മടക്കി കൈയിലുമുണ്ട്. രജനിയുടെ ജേഷ്ഠത്തി രാജി സാക്ഷരതാ ടീച്ചറാണ്. ഇപ്പോഴത്തെ ഉപഭോക്തൃ സംരക്ഷണ നിയമത്തെകുറിച്ചും പരാതി സമർപ്പിക്കേണ്ടതിനെക്കുറിച്ചും പണം മുടക്കില്ലാതെ വെറും വെള്ളക്കടലാസിൽ പരാതി എഴുതിക്കൊടുത്താൽ പരിഹാരം ലഭിക്കുന്ന നല്ല നിയമത്തെക്കുറിച്ചും ഒരു സെമിനാറിൽ പറയുന്നത് അവൾ ശ്രദ്ധിച്ചിരുന്നു. രാജി റസീനയെ വിളിച്ചു തല തുവർത്തി ഉടുപ്പിലെ വെള്ളം പിഴിഞ്ഞു. സാരമില്ല മോളെ. നമുക്ക് ഈ നാണക്കേടിന് പരിഹാരമുണ്ടാക്കാം. 'അതെങ്ങനെയാ ചേച്ചി, കുട പോയില്ലേ' – രജനി ചോദിച്ചു.



സാരമില്ല–കുട വാങ്ങിയ ബില്ല് വീട്ടിലില്ലേ. രാജി റസീനയോടു ചോദിച്ചു. ബില്ലുണ്ട്. എന്ത് സാധനം വാങ്ങിക്കുമ്പോഴും ബില്ല് ഉമ്മ വാങ്ങിക്കാറുണ്ട് സൂക്ഷിക്കാറുണ്ട്. ആദ്യം കുട വാങ്ങിയ കടക്കാരനെകണ്ട് കുടമാറ്റിത്തരുവാൻ ആവശ്യപ്പെടുക. കുടമാറ്റിത്തരുന്നില്ലെങ്കിൽ ഉപഭോക്തൃ തർക്കപരിഹാര ഫോറത്തിൽ ഒരു പരാതി സമർപ്പിക്കാം. പരാതി ഞാൻ തയ്യാറാക്കിത്തരാം. കുടയുടെ വില്പനക്കാരനെയും കുട ഉണ്ടാക്കിയ കമ്പനിയെയും കക്ഷിയാക്കാം. ഫോറത്തിലേക്ക് മൂന്നു കോപ്പിയും. അപ്പോൾ അഞ്ചുകോപ്പി വേണം. പരാതി നമുക്ക് സ്വന്തമായി തയ്യാറാക്കാം. വെള്ളക്കടലാസിൽ മലയാളത്തിൽ എഴുതിയാൽ മതി.

'ഇതുകൊണ്ട് വല്ല പ്രയോജനവുമുണ്ടോ ചേച്ചി'' റസീനയ്ക്കു സംശയം.

തീർച്ചയായും രാജി പറഞ്ഞു. കഴിഞ്ഞ മാസം കോഴിക്കോട്ടുണ്ടായ ഒരു സംഭവം പത്രത്തിൽ വായിച്ചില്ലേ. ഒരു ടീച്ചർ പാളയം റോഡിലൂടെ നടന്നുപോകുകയായിരുന്നു. പെട്ടെന്ന് മഴ പെയ്തു. ടീച്ചർ ഞെക്കുകുട എടുത്തു ബട്ടണമർത്തി പക്ഷേ കുട മുമ്പേപോയ ആളുടെ പുറത്താണ് കൊണ്ടത്. അയാൾ തിരിഞ്ഞ് ടീച്ചറെ ചീത്തപറഞ്ഞു. മഴ നനഞ്ഞതും ചീത്ത കേട്ടതും മിച്ചം.

ടീച്ചർ കോഴിക്കോടു ഫോറത്തിൽ ഒരു പരാതി കൊടുത്തു. 250 രൂപയും ഒരു പുതിയ കുടയും കൊടുക്കുവാനാണ് ഫോറം വിധിച്ചത്. തീർച്ചയായും നമുക്കും പരിഹാരം ലഭിക്കും.

''ഇത് നല്ലൊരു നിയമമാണല്ലോ ചേച്ചി'' – ഞങ്ങൾ കൂട്ടുകാരോടൊക്കെ പറയും – റസീനയും രജനിയും ഒപ്പം പറഞ്ഞു ''ചേച്ചിക്ക് നന്ദി.''


## ★ നാണയ മിഠായി ★

'തോമസും, ചെല്ലപ്പനും, രാജനും, മുഹമ്മദും കൂട്ടുകാരാണ്. നാലുപേരും ഒൻപതുമണിക്കേ സ്കൂളിലെത്തും. സ്കൂളിലെത്തി പുസ്തകം ക്ലാസിൽ വെച്ചാൽ പിന്നീടൊരു കറക്കമാണ്. സ്കൂളിലും പരിസരത്തും താഴത്തെ ടൗണിലും

നടക്കും. സിഗററ്റ് പാക്കറ്റ് തട്ടിയും, വെള്ളം തെറിപ്പിച്ചും, തമാശ പറഞ്ഞും നടക്കുന്നത് അവർക്കൊരു സന്തോഷമാണ്.

അന്നും നാലുപേരും തോളിൽ കൈയിട്ട് ടൗണിലൂടെ നടക്കുമ്പോൾ ഒരു കുമ്മട്ടിക്കടെയ്ക്കു മുമ്പിൽ കുട്ടികൾ ഉന്തും തള്ളും നടത്തുന്നതു കണ്ടു. "നമുക്കൊന്നു പോയി നോക്കാം" - മുഹമ്മദ് കൂട്ടുകാരോട് പറഞ്ഞു.

അവർ നാലുപേരും കടയുടെ മുമ്പിലെത്തി. നല്ല തിരക്കാണ്. എന്താണ് വിവരമെന്ന് അന്വേഷിച്ചു. ഇരുപത്തിയഞ്ചു പൈസ കൊടുത്തു മിഠായി വാങ്ങിയാൽ അൻപതു പൈസയും ഒരുരൂപയും കിട്ടും പോലും. റഷീദിനും, കൃഷ്ണനും, ഫ്രാൻസീസിനും ഒരു രൂപകിട്ടിപോലും. മറ്റു പലർക്കും അൻപതു പൈസയും പലർക്കും അഞ്ചു പൈസയും പത്തുപൈസയും. ഒന്നും കിട്ടാത്തവർ വീണ്ടും വാങ്ങുന്നു. കിട്ടിയവർ കൂടുതൽ ഉത്സാഹത്തോടെ വീണ്ടും വാങ്ങുന്നു.



രാജൻ കടക്കാരനോട് ഒരു മിഠായി ആവശ്യപ്പെട്ടു. 25 പൈസകൊടുത്തു. "നീ എന്താടാ ഒരെണ്ണം വാങ്ങിയത്. നമ്മൾ നാലുപേരില്ലേ" ചെല്ലപ്പനു സങ്കടം. ഞങ്ങളെ നോക്കി നിർത്തി നീ കഴിച്ച് പണം നേടാനാണോ ഭാവം.

രാജൻ പറഞ്ഞു. "അല്ല സുഹൃത്തുക്കളെ – ഈ കറുത്ത മിഠായി ഗുണക്കുറവുള്ള വെല്ലം കൊണ്ട് ഉണ്ടാക്കിയതായിരിക്കണം. പണം നൂറോ ഇരുന്നൂറോ മിഠായികളിൽ ഒന്നോ രണ്ടിലോ ഉണ്ടാകും. ഇതൊരു വഞ്ചനയാണ്. ഇന്ന് ഞങ്ങളുടെ വായനശാലയിൽ ഫുഡ് ഇൻസ്പെക്ടർ വരുന്നുണ്ട്. അദ്ദേഹ



ത്തെ കാണിക്കാനാണ് ഇത് വാങ്ങിയത്. നിങ്ങളും വരൂ. നമുക്കൊരുമിച്ച് ഈ മിഠായി നല്ലതാണോ ചീത്തയാണോ എന്ന് അറിയാം. "ഞാനില്ല" തോമസ് പറഞ്ഞു. ആരെങ്കിലും മിഠായി വിറ്റ് കാശുണ്ടാക്കുന്നതിന് എനിക്കെന്താ – ഞാൻ വാങ്ങുന്നില്ല കഴിക്കുന്നുമില്ല.

അതു ശരിയല്ല തോമസേ നമ്മൾ കഴിച്ചാലും ഇല്ലെങ്കിലും മോശമായ മിഠായിയും, നാണയം എന്നത് തട്ടിപ്പുമാണെങ്കിൽ നമ്മൾ ഈ കച്ചവടം നിർത്തണം. നമുക്ക് ഹെഡ്മാസ്റ്ററോടു പറയണം ഞാനുണ്ട്. ചെല്ലപ്പൻ പറഞ്ഞു.

സ്കൂൾ വിട്ട് നാലുപേരും ഒരുമിച്ചാണ് വായനശാലയിൽ എത്തിയത്. ഫുഡ് ഇൻസ്പെക്ടറുടെ ക്ലാസ്സ് തീരാറായിരുന്നു. മായം ചേർത്ത സാധനങ്ങൾ വില്ക്കുന്നത് കണ്ടാൽ നിങ്ങൾ ആയത് കണ്ടുപിടിച്ച് നശിപ്പിക്കുവാൻ ഞങ്ങളോടു സഹകരിക്കണം. മായം ചേർത്ത ഭക്ഷണ സാധനം കഴിക്കുന്നത് ആരോഗ്യത്തിന് വളരെ ഹാനികരമാണ്. ആയതിനാൽ ആയത് നശിപ്പിക്കുവാൻ ഞങ്ങളോടൊത്ത് സഹകരിക്കണം. "അല്ല സാറേ" ഈ മിഠായി നല്ലതാണോ, നാണയമിഠായിയാണ്. തിന്നുതീരുമ്പോൾ പണവും കിട്ടും. "തോമസ് മിഠായി പൊക്കികാണിച്ചുകൊണ്ട് ചോദിച്ചു."

ഫുഡ് ഇൻസ്പെകടർ തോമസിനെ അടുത്തേക്ക് വിളിച്ചു. നാണയ മിഠായി പരിശോധിച്ചു. ഇത് ഗുണം കുറഞ്ഞ വെല്ലം കൊണ്ടുണ്ടാക്കിയതാണ്. വെല്ലം പൊതിഞ്ഞു വരുന്ന പായ് ചൂടുവെള്ളത്തിലിട്ട് തിളപ്പിച്ച് ഉരുക്കി എടുക്കുന്നതാണ്. ഇത് കുട്ടികൾക്ക് വലിയ ദോഷം ചെയ്യും. ശുചിത്വമില്ലാതെയാണ് ഇത് നിർമ്മിക്കുന്നത്. നാണയം ഭക്ഷണ പദാർത്ഥങ്ങളിൽ വെച്ചാൽ അതിലെ നിക്കലിൻെറ അംശം വിഷമാണ്. ആയതു കഴിച്ചാൽ വയറ്റിനൊഴിച്ചൽ, ഛർദ്ദി എന്നീ രോഗങ്ങളുണ്ടാകും. കുട്ടികൾ ഒരിക്കലും വിലകുറഞ്ഞ മിഠായികൾ വാങ്ങിക്കരുത് കഴിക്കരുത്.

പിറ്റേദിവസം തോമസും, ചെല്ലപ്പനും, രാജനും മുഹമ്മദും ഹെഡ്മാസ്റ്ററെക്കണ്ട് നാണയ മിഠായിയുടെ വിവരവും മോശം മിഠായി കഴിക്കുന്നതുകൊണ്ടുള്ള ദോഷവശവും എല്ലാവരെയും അറിയിക്കണമെന്ന് പറഞ്ഞു. ഹെഡ്മാസ്റ്റർ അവരെ അഭിനന്ദിച്ചു.

# ★ പച്ചപ്പാവാട ★


ആമിനയും, റോസിലിനും, ഗീതയും, ഷൈനിയും കളിക്കൂട്ടുകാരാണ്. പത്താം ക്ലാസ്സിൽ പഠിക്കുന്ന അവർ ചെറുപ്പം മുതലേ ഒരുമിച്ചാണ്. റോസിലിൻ സാധാരണ കർഷകന്റെ മകളാണ്. മറ്റു മൂന്നുപേർ റേഷൻ കട, ഗവൺമെന്റ് ഉദ്യോഗസ്ഥൻ, ബസ്സ് ഉടമസ്ഥൻ എന്നിവരുടെ മക്കളാണ്. റോസിലിന് എല്ലാം സാധാരണ വസ്ത്രങ്ങളേ ഉള്ളൂ. കൂട്ടുകാരികൾ മിന്നുന്ന വസ്ത്രങ്ങൾ ധരിക്കുമ്പോഴും റോസ്‌ലിൻ ആരോടും പരിഭവിക്കാതെ അവരോടൊപ്പം കൂട്ടു കൂടിയിരുന്നു.

റോസിലിന്റെ സഹോദരൻ ഒരു ഉപഭോക്തൃ സമിതി പ്രവർത്തകനായിരുന്നു. ജോയിച്ചേട്ടന് ഉപഭോക്താവിന്റെ അവകാശങ്ങളെക്കുറിച്ചും ഉപഭോക്താവ് ചൂഷണം ചെയ്യപ്പെടുമ്പോൾ മോചനം നേടേണ്ട വിധത്തെക്കുറിച്ചും സാധനമോ സേവനമോ പണം കൊടുത്ത് വാങ്ങുകയോ വാങ്ങുന്നയാളുടെ പരിപൂർണ്ണ സമ്മതത്തോടു കൂടി ഉപയോഗിക്കുന്നവരും ഉപഭോക്താവാണെന്നുമുള്ള വിവരം അറിയാമായിരുന്നു. റോസിലിൻ എല്ലാ ദിവസവും കൂട്ടുകാരികളോട് ജോയിച്ചേട്ടൻ, വീട്ടിൽ കൊണ്ടുവരുന്ന ഉപഭോക്താവിന്റെ അവകാശ സംബന്ധമായ പുസ്തകങ്ങൾ വായിക്കുന്നതും ആയത് പ്രയോജനകരമാണെന്ന് ചേട്ടൻ പറഞ്ഞു എന്നും കൂട്ടുകാരികളോട് പറഞ്ഞു.

കൂട്ടുകാരികൾക്ക് അതിലൊന്നും താല്പര്യമില്ലാത്തതും കിണറ്റിൻ കരയിൽ നിൽക്കുന്ന സെലീനക്ക് എന്തുസംഭവിക്കുമോ? ആവോ? മരത്തേൽ കയറി ഇരിക്കുന്ന സോമൻ എന്തുചെയ്യും. പാഞ്ഞുവരുന്ന ട്രെയിനിന്റെ മുമ്പിലേക്കെടുത്തുചാടിയ പീറ്ററും സുലുവും രക്ഷപ്പെടുമോ? മുതലായ ആനുകാലിക പ്രസിദ്ധീകരണങ്ങളിലെ കഥയുടെ അടുത്ത ആഴ്ചത്തെ ബാക്കിഭാഗം ഊഹിക്കാനായിരുന്നു താല്പര്യം. റോസ്‌ലിൻ അതൊന്നും ശ്രദ്ധിക്കാതെ ചങ്ങാത്തം തുടർന്നു.

ഗീത അന്ന് എല്ലാവരുടെയും നോട്ടപ്പുള്ളിയായി. പളപള തിളങ്ങുന്ന കണ്ണഞ്ചിപ്പിക്കുന്ന ആരും ശ്രദ്ധിക്കുന്ന സ്വർണ്ണക്കസവുള്ള പച്ചപ്പാവടയാണ്, അവൾ അന്നും ധരിച്ചിരുന്നത്. ആമിനയും, റോസ്‌ലിനും മറ്റു കൂട്ടുകാരികളെല്ലാം എന്തു





വിലയായെന്നും എവിടെനിന്നു വാങ്ങിയെന്നും ഇനിയും തുണി ബാക്കിയുണ്ടോ എന്നും ചോദിച്ചു. ക്ലാസ്സിൽ എല്ലാവരുടെയും പ്രശംസാപാത്രമായി ഗീത.

'ഗീതയുടെ അങ്കിള് പട്ടാളത്തിൽ നിന്നും ലീവിന്നു വന്നപ്പോൾ പട്ടണത്തിൽ പോയി ഗീതക്ക് വാങ്ങിക്കൊടുത്തതാണ് കണ്ണഞ്ചിപ്പിക്കുന്ന മനോഹരമായ പാവാട ത്തുണി.

ഇന്റർവെൽ സമയത്തും എല്ലാവരുടേയും സംസാരവിഷയം ഗീതയുടെ പാവാടയായിരുന്നു.

ഉച്ചയൂണ് കഴിഞ്ഞ് പൈപ്പിന്റെ അടുത്ത് ഗീത കൈ കഴുകി. കുറച്ചുവെള്ളം കൈയ്യേലും പാവാടയിലും തെറിച്ചു. നനഞ്ഞ കൈ പാവാടയിൽ തുടച്ചു ഒപ്പം മുഖവും.

ക്ലാസ്സിലെത്തിയ ഗീതയെ കണ്ടവരെല്ലാം ചിരിക്കുവാൻ തുടങ്ങി. അപ്പോഴാണ് ഗീതയും ശ്രദ്ധിച്ചത്. കൈ എല്ലാം പച്ചനിറം. കൂട്ടുകാരത്തി പുസ്തകത്തിന്റെ ഉള്ളിൽ വെച്ച കണ്ണാടി കാണിച്ചു. കാണ്ണാടിനോക്കിയ ഗീത ഞെട്ടിപ്പോയി. തന്റെ മുഖവും നെറ്റിയുമെല്ലാം പച്ചനിറം. വിവരം കേട്ടവർ കേട്ടവർ ഗീതയെ കാണാനെത്തി.

പാവം ഗീത രാവിലത്തെ തന്റെ അന്തസ്സ് ഉയർത്തിയ പാവാടയാണ് ഈ പണി പറ്റിച്ചതെന്നോർത്തപ്പോൾ ഗീതയ്ക്ക് സങ്കടം സഹിക്കാനായില്ല.

റോസ്‌ലിൻ പറഞ്ഞു. സാരമില്ല ഗീതേ. വരൂ നമുക്ക് മുഖം കഴുകാം. എന്നിട്ട് ടീച്ചറോട് ചോദിച്ച് വീട്ടിൽ പോകാം. പൈപ്പിൻ ചുവട്ടിൽ പോയി റോസിലിനും ആയിഷയും ബലമായി

മുഖത്തുപറ്റിപ്പിടിച്ചിരുന്ന ചായം തേച്ചു കഴുകി.

ഉച്ചക്ക് ശേഷം കൂട്ടുകാരികൾ നാലുപേരും കൂടി ഒരുമിച്ച് നേരത്തെ വീട്ടിലെത്തിയപ്പോൾ ഗീതയുടെ അമ്മ അത്ഭുതപ്പെട്ടു. എന്താ സംഭവിച്ചത്. കാര്യങ്ങൾ പറഞ്ഞപ്പോൾ അവർക്കും അതിശയം. അയ്യോടാ മോൻ പോയല്ലോ? റോസിലിൻ പറഞ്ഞു സാരമില്ല അമ്മച്ചി "ബില്ലുണ്ടോ" അമ്മച്ചി ബില്ലുകണ്ടെടുത്തു. ബില്ലിൻെറ അടിയിൽ ഒരു കുറിപ്പ് "വിറ്റ സാധനം മടക്കിയെടുക്കുന്നതല്ല."

ആയിഷ പറഞ്ഞു ഇനി എന്താ ചെയ്യുക. "ഏതായാലും ഞാൻ ജോയിച്ചേട്ടനുമായി സംസാരിക്കട്ടെ. നാളെ ശനിയാഴ്ച യല്ലേ. നാളെ നമുക്ക് പട്ടണത്തിലെ കടയിൽ പോകാം. ഇനി ഇതേ രീതിയിലുള്ള വഞ്ചന പാടില്ല. 'റോസിലിൻ രോഷം പൂണ്ടു. "മോളേതായാലും ചേട്ടനോടു ചോദിച്ചേ - എന്തെങ്കിലും വകുപ്പുണ്ടെങ്കിലല്ലേ പോയിട്ടു കാര്യമുള്ളൂ." റോസിലിൻ സമ്മതിച്ചു.

വീട്ടിലെത്തിയ റോസിലിന് ജോയിച്ചേട്ടൻ വരാൻ തിരക്കായിരുന്നു. 'ജോയിച്ചേട്ടൻ എത്തിയ ഉടനെ അവൾ ഗീതയുടെ അനുഭവം പറഞ്ഞു. 'ചേട്ടാ ഇതെങ്ങിനെയെങ്കിലും മാറ്റിക്കിട്ടണം. ആ കുട്ടി അത്ര ദുഃഖത്തിലാണ്.'

വിറ്റ സാധനം മടക്കി എടുക്കുന്നതല്ല എന്ന് വ്യാപാരി പറയുന്നത് ശരിയല്ല. സാധനമോ സേവനമോ വാങ്ങി നമ്മൾ ഉപയോഗിക്കുമ്പോൾ മാത്രമാണ് ഉപഭോക്താവാകുന്നത്. ഉപയോഗിക്കുമ്പോഴാണ് ന്യൂനതയോ വഞ്ചനയോ മനസ്സിലാകുന്നതും." ആയതിനാൽ വിറ്റസാധനം മടക്കി എടുക്കുന്നതല്ല എന്ന് ബില്ലിൽ എഴുതിയിരിക്കുന്നതിന് നിയമപരമായി യാതൊരു വിലയുമില്ല. നാളെ ഞാനും ടൗണിലേക്കുണ്ട്. ഞാനും കൂടിവരാം. റോസിലിന് സന്തോഷമായി.

പിറ്റേന്ന് റോസിലിനും ഗീതയും ജോയിച്ചേട്ടനും ഗീതയുടെ അമ്മയും കടയിലെത്തി. കാര്യം പറഞ്ഞപ്പോൾ കച്ചവടക്കാരൻ "വിറ്റ സാധനം മടക്കി എടുക്കുന്നതല്ല" എന്ന് കണ്ടില്ലേ എന്നു ചോദിച്ചു.

ജോയിച്ചേട്ടൻ ഇടപെട്ടു. ഇവരുടെ വണ്ടിക്കൂലിയും സാധനത്തിൻെറ വിലയും തരുന്നില്ലെങ്കിൽ ഞങ്ങൾ ഫോറത്തിലേ



ക്കാണ് പോകുന്നത്. രണ്ടുമണിക്കൂർ പോലും ധരിക്കാൻ സാധിക്കാത്തതിനാലാണ് പരാതിയുമായി വന്നത്. വ്യാപാരി അതേ വിലയ്ക്കുള്ള മറ്റൊരു തുണിയും മൂന്നുപേരുടെ വണ്ടിക്കൂലിയും കൊടുത്തു പ്രശ്നമവസാനിപ്പിച്ചു.

ഗീതക്കു സന്തോഷമായി. റോസ്‌ലിൻ ഞാനും ഇനി ഉപഭോക്തൃ സംബന്ധമായ പുസ്തകങ്ങൾ വാങ്ങിക്കും - വായിക്കും. വളരെ നല്ലൊരു നിയമം - ഞാൻ ഒരിക്കലും വസ്ത്രങ്ങളുടെ പകിട്ടോ ഭംഗിയോ കണ്ടു മേടിക്കില്ല. നിൻെറ ജോയിച്ചേട്ടനും ഉപഭോക്തൃ സംരക്ഷണ നിയമത്തിനും നന്ദി. ഗീത കൂട്ടുകാരിയോടു പറഞ്ഞു.

## ★ ചീഞ്ഞ പഴം ★

ഷിബിനും, രാജുവും, ഷിവിലും, സോമനും കൂട്ടുകാരാണ്. ക്ലാസ്സിൽ അന്നന്നു പഠിപ്പിക്കുന്ന പാഠം അന്നന്നു പഠിക്കുന്നതിൽ അവർ താല്പര്യം കാട്ടുന്നു. ക്ലാസ്സ് ടീച്ചറിന് അവരോടിഷ്ടമാണ്.

ഷിവിലിൻെറ ചാച്ചൻ ജോലിക്കാരനാണ്. ആഴ്ചയിൽ ഒരു ദിവസമേ വീട്ടിൽ വരൂ. വീട്ടിലേക്കാവശ്യമുള്ള സാധനങ്ങൾ കടയിൽ നിന്നും വാങ്ങിക്കുന്നത് ഷിവിലാണ്. സാധനങ്ങളുടെ വിലചോദിച്ച് സാധനം നോക്കി മേടിക്കണമെന്ന് ഷിവിലിൻെറ അമ്മ അവനെ പഠിപ്പിച്ചിട്ടുണ്ട്.

രാജു അന്ന് കരഞ്ഞു കലങ്ങിയ മുഖവുമായിട്ടാണ് കൂട്ടുകാരുടെ അടുത്തെത്തിയത്. കാരണമന്വേഷിച്ച കൂട്ടുകാരോട് അവൻ പറഞ്ഞു. മമ്മി ഒരു കിലോ തക്കാളിയും അര കിലോ പാവയ്ക്കയും, അര കിലോ ഉള്ളിയും വാങ്ങിക്കുവാൻ എന്നെ കടയിലയച്ചു. സാധനം വാങ്ങി വീട്ടിൽ വന്ന് കൂടുകൾ തുറന്നു നോക്കിയപ്പോഴാണ് കാണുന്നത് തക്കാളി പകുതി കേട്, ഉള്ളി ചീഞ്ഞത്, പാവയ്ക്കയിൽ പുഴുക്കുത്ത്. മമ്മി ഒരുപാടു വഴക്കുപറഞ്ഞു. രണ്ടടിയും തന്നു. മമ്മിയുടെ വഴക്കിലും അടിയിലും അല്ല വേദന എന്നെ കടക്കാരൻ പറ്റിച്ചല്ലോ എന്നതിലാണ്.

സോമൻ പറഞ്ഞു എനിക്കും പറ്റി അബദ്ധം. എന്നെ ഉണക്ക മത്സ്യം വാങ്ങാൻ അമ്മ കടയിലേക്കയച്ചു. മത്സ്യം വാങ്ങി വീട്ടിലെത്തിയപ്പോഴാണറിയുന്നത്. മത്സ്യം ചുവന്ന് കേടായിരുന്നു. മാത്രമല്ല തൂക്കവുമില്ലെന്ന് അമ്മ പറഞ്ഞു, അന്നു ഞാൻ അടികിട്ടാതെ രക്ഷപ്പെട്ടുവെന്നു മാത്രം.

ഷിബിൻ പറഞ്ഞു ചേച്ചിയും ഞാനും കൂടി ആപ്പിളും മുന്തിരിയും വാങ്ങാൻ ഒരു കടയിൽ കയറി. ആപ്പിൾ അടുക്കി വെച്ചിരിക്കുന്നു നല്ല ആപ്പിൾ. ചേച്ചി വില ചോദിച്ചു. കടക്കാരൻ വില പറഞ്ഞു. പക്ഷേ, ഞങ്ങൾക്കു തന്നതു മോശം ആപ്പിൾ. ചേച്ചി അതു വേണ്ട എന്നു പറഞ്ഞപ്പോൾ കടക്കാരൻ പറഞ്ഞു എന്നാൽ ആപ്പിളില്ല എന്ന്. ഞങ്ങൾ മോശം ആപ്പിൾ വാങ്ങിപോന്നു.

ഇതെല്ലാം കേട്ടുനിന്ന ഷിവിൽ പറഞ്ഞു. നമ്മുടെ നാട്ടിൽ നല്ലൊരു നിയമമുള്ള കാര്യം നിങ്ങൾക്കറിയത്തില്ലേ? വില പറഞ്ഞ ഗുണമേന്മയുള്ള ആപ്പിൾ തിരഞ്ഞെടുക്കാൻ അവകാശമുണ്ട്. അതിനെ കച്ചവടക്കാരൻ തടസ്സപ്പെടുത്തിയാൽ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ പരാതിപ്പെടാം.

''ഇതെല്ലാം ബുദ്ധിമുട്ടല്ലേ.'' ഒരു ബുദ്ധിമുട്ടും ഇല്ല. വെറും വെള്ളക്കടലാസ്സിൽ പരാതി എഴുതി നാലു കോപ്പി സമർപ്പിച്ചാൽ മതി. ഒരു സാക്ഷിയും വേണം.

പരാതി തയ്യാറാക്കാൻ വക്കീലും വേണ്ട, കോർട്ട്ഫീയും, സ്റ്റാമ്പും വേണ്ട. പോസ്റ്റാഫീസിൽ പോയി റജിസ്റ്റർ ചെയ്തയച്ചാൽ നിങ്ങളുടെ പരാതിക്ക് പരിഹാരം കിട്ടും.

''അയ്യോ, ഇങ്ങനെയൊരു നിയമമോ, വക്കീലും കോർട്ട് ഫീയും, സ്റ്റാമ്പും വേണ്ടാത്ത നിയമമോ? സോമനതിശയം.

''പിന്നല്ലേ ഇതാണ് സാധാരണക്കാരന്റെ നിയമം. 1986-ൽ ശ്രീ രാജീവ് ഗാന്ധി ഇന്ത്യൻ പ്രധാനമന്ത്രി ആയിരുന്നപ്പോൾ ഇന്ത്യൻ പാർലമെന്റ് പാസാക്കിതന്ന നിയമമാണ്.'' ഷിവിൽ പറഞ്ഞു.

'നീ ഇതൊക്കെ എങ്ങനെ അറിഞ്ഞു''

ഷിബിനും ഉത്സാഹം

'പപ്പ വീട്ടിൽ വരുമ്പോൾ മമ്മിയോടു പറയുന്നതും





പപ്പയുടെ അടുത്ത് പലരും സംശയം ചോദിക്കാൻ വരുന്നതും ഞാൻ കണ്ടിട്ടുണ്ട്. അവരോടൊക്കെ ചൂഷണത്തിൽ നിന്നു രക്ഷപ്പെടാൻ ഉപഭോക്തൃ സംരക്ഷണ നിയമം പഠിക്കാൻ പപ്പ പറയുന്നതും കേട്ടിട്ടുണ്ട്.

''ഞങ്ങൾക്കും വീട്ടിൽ പോയി പറയണം. ഈ നിയമത്തെക്കുറിച്ച് പറയാനും പ്രയാസം എന്നാൽ കാര്യം നടത്താൻ എത്ര എളുപ്പം'' ഉപഭോക്തൃ നിയമസംബന്ധമായി കഴിഞ്ഞ ആഴ്ച സ്കൂളിൽ നടന്ന സെമിനാറിൽ മമ്മി പങ്കെടുക്കാൻ പോയപ്പോൾ പപ്പ പറഞ്ഞു പോകേണ്ടെന്ന്. എന്തെല്ലാം വിവരം കിട്ടുന്ന ക്ലാസ്സായിരുന്നു. കഷ്ടമായി. മമ്മിയോടും പപ്പയോടും ഞാൻ പറയും ഇനി ഇങ്ങനത്തെ ക്ലാസ് ഒഴിവാക്കരുതെന്ന്.

ഷിവിൽ പറഞ്ഞു 'പ്രിയ കൂട്ടുകാരേ ചീഞ്ഞ പഴവും, പച്ചക്കറികളും, തൂക്കക്കുറവിനെക്കുറിച്ചും നിങ്ങൾ പരാതി പറഞ്ഞല്ലോ ഈ പരാതി ഉണ്ടാകാതിരിക്കുവാൻ നമ്മൾ ശ്രദ്ധിച്ചു സാധനം നോക്കി വാങ്ങിക്കുക. എന്നിട്ടും തൂക്കക്കുറവോ, വഞ്ചനയോ കാട്ടിയുട്ടുണ്ടെങ്കിൽ നമ്മുടെ ജില്ലയിലോ

താലൂക്കിലോ ഉള്ള അളവു തൂക്കവകുപ്പിൽ പരാതിപ്പെടുക. തീർച്ചയായും പരിഹാരം കിട്ടും. ഇവിടെ നിന്നും നഷ്ടം ലഭിച്ചത് പോരെങ്കിൽ ന്യായമായ പരിഹാരം ലഭിച്ചില്ലെങ്കിൽ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ പരാതി സമർപ്പിക്കാം. ഷിവിൽ തൻെറ അറിവ് കൂട്ടുകാരുമൊത്ത് പങ്കുവെച്ചു.

അപ്പോൾ സോമനൊരു സംശയം നമ്മുടെ നാട്ടിൽ ഒരു ഉപഭോക്തൃ സമിതി എന്ന സംഘടനയുണ്ടല്ലോ? അതാണോ ഫോറം.?

ഷിവിൽ പറഞ്ഞു. എൻെറ പപ്പ സമിതി പ്രസിഡൻറാ. ഇത് ഒരു സന്നദ്ധ സംഘടനയാണ്. ഫോറം ഗവൺമെൻറ് ശമ്പളം നല്കുന്ന ജഡ്ജിമാരുള്ള കോടതിയാണ് ഇത് ഒരു ജില്ലയിൽ ഒന്നേ ഉണ്ടാകൂ. ജില്ലാഫോറം, സംസ്ഥാന ഫോറം, നാഷണൽ കൗൺസിൽ ഇങ്ങനെയാണ് ഫോറങ്ങളുടെ ഘടന. ഫോറത്തിൽ മൂന്നംഗങ്ങളേ ഉണ്ടാകൂ. മൂന്നുപേരിൽ ഒരാൾ സ്ത്രീ ആയിരിക്കും. ജില്ലാ ഫോറത്തിൽ അഞ്ചുലക്ഷവും സംസ്ഥാനഫോറത്തിൽ ഇരുപതുലക്ഷവുംവരെയും അതിൽ കൂടുതൽ തുകയുള്ള പരാതികൾ നാഷണൽ ഫോറത്തിലുമാണ് സമർപ്പിക്കേണ്ടത്. പരാതി ഉണ്ടായി രണ്ടുവർഷത്തിനുള്ളിൽ പരാതി സമർപ്പിച്ചാൽ മതി.

സമിതി പ്രസിഡൻറിന് ശമ്പളമില്ല. ഫോറവും സമിതിയും ഒന്നാണെന്ന ധാരണയിൽ, പലരും പല ഉപഭോക്താക്കളെയും വഞ്ചിക്കുന്നുണ്ട്. വിദ്യാർത്ഥികളായ നമ്മൾ ഇതൊക്കെ അറിഞ്ഞ് നമ്മുടെ മാതാപിതാക്കളെ അറിയിക്കണം.

നമുക്ക് പഠിക്കുന്നതോടൊപ്പം അറിവും നേടാം. കൂട്ടുകാർ സന്തോഷത്തോടെ പിരിഞ്ഞു.

★ ★ ★

ഉപഭോക്തൃ വിദ്യാഭ്യാസത്തിനായി പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങൾ

1. ഉപഭോക്തൃ സംരക്ഷണനിയമം സാധാരണക്കാരൻെറ നിയമം — വില 2 രൂപ
2. ഉപഭോക്തൃ സംരക്ഷണനിയമം വനിതകളുടെ പക്ഷ — വില 2 രൂപ
3. ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ പരാതി സമർപ്പിക്കുന്നത് എങ്ങനെ? — വില 2 രൂപ
4. പോലീസും ജനങ്ങളും — വില 3 രൂപ
5. അളവുകളും തൂക്കങ്ങളും ഒരു വിശദീകരണം — വില 2 രൂപ
6. മായം ചേർക്കൽ കണ്ടു പിടിക്കുന്നത് എങ്ങനെ? — വില 2 രൂപ
7. തിരഞ്ഞെടുത്ത തർക്ക പരിഹാര ഫോറം വിധികൾ — വില 3 രൂപ
8. ബിസ്സും ഉപഭോക്താവും — വില 3 രൂപ
9. എന്തിനെല്ലാം പരാതി സമർപ്പിക്കാം — വില 2 രൂപ
10. ഉപഭോക്താക്കൾ അറിയേണ്ട കാര്യങ്ങൾ — സംഭാവന 2 രൂപ
11. ഉപഭോക്തൃ സംരക്ഷണനിയമം ചട്ടങ്ങൾ 1986–1993 ലെ ഭേദഗതികൾ ഉൾപ്പെടെ — വില 8 രൂപ
12. ഗാന്ധിയൻ ആദർശങ്ങളും ഉപഭോക്തൃ സംരക്ഷണനിയമവും — വില 2 രൂപ
13. ഉപഭോക്തൃ സംരക്ഷണ സമിതികളുടെ രൂപീകരണവും പ്രസക്തിയും — വില 2 രൂപ
14. ഹായ് ഐസ്ക്രീം ജനങ്ങളും — വില 1രൂപ 50പൈസ

പുസ്തകങ്ങൾക്ക് M.O. അയക്കുക. എല്ലാ പുസ്തകവും വാങ്ങുന്നവർക്ക് പോസ്റ്റേജ് സൗജന്യം
മാനേജർ - കൺസ്യൂമർ ന്യൂസ് ബുക്ക് ക്ലബ്ബ്-എടൂർ പായം-670704

വായിക്കുക-വരിക്കാരാകുക-പ്രചരിപ്പിക്കുക

കൺസ്യൂമർ ന്യൂസ് ദിനപത്രം
ഒറ്റപ്രതി 80 പൈസ
വാർഷിക വരിസംഖ്യ 240 രൂപ

കൺസ്യൂമർ ന്യൂസ് മാസിക
വാർഷിക വരിസംഖ്യ 12 രൂപ
(തപാൽ ചാർജ്ജടക്കം)

കൺസ്യൂമർ ന്യൂസ്
പായം 670 704

# ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട്

നമ്മുടെ രാജ്യത്ത് നീതിപൂർവ്വകമായ സാമൂഹ്യനീതി നടപ്പിൽ വരുത്തുന്നതിനുവേണ്ടി പരിശ്രമിക്കുന്ന ഒരു സാമൂഹ്യ കേന്ദ്രമാണ് ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട്. ഇന്ത്യയിലെ സാമ്പത്തികവും സാമൂഹ്യവുമായി ചൂഷണം അനുഭവിക്കുന്ന വിഭാഗങ്ങളുടെ സാമൂഹ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട് ഊന്നൽ നല്കുന്നത്.

ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനത്തിന് പരിശീലന വിഭാഗം, ഗവേഷണവിഭാഗം, എഴുത്തുകുത്തുവിഭാഗം, ഉയർന്ന ലൈബ്രറിസൗകര്യം, മൊത്തപ്രവർത്തനവിഭാഗം, മനുഷ്യാവകാശ, നിയമസഹായവിഭാഗം എന്നിവയുണ്ട്. മറ്റു സമാനസാമൂഹ്യകേന്ദ്രങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവയുമായി ചേർന്നു പ്രവർത്തിക്കാൻ ഞങ്ങൾ ശ്രമിക്കുന്നു.

ഗവൺമെൻറ്, ഗവൺമെണ്ടിതര സംഘടനകൾക്ക് സംയുക്താഭിമുഖ്യത്തിൽ സെമിനാറുകൾ, ശില്പശാലകൾ, പരിശീലനപരിപാടികൾ എന്നിവ സംഘടിപ്പിക്കാനനുയോജ്യമായ ഒരു സ്ഥലമാണ് ഞങ്ങളുടേത്. ഒരേ സമയത്ത് 120-ഓളം പേർക്ക് ഭക്ഷണ താമസസൗകര്യങ്ങളും, ഹാളും ഇവിടെ ലഭ്യമാണ്. താല്പര്യമുള്ളവർ, ADMINISTRATOR, INDIAN SOCIAL INSTITUTE, 24, BENSON ROAD, BENSON TOWN, BANGLORE-560046 എന്ന വിലാസത്തിൽ ബന്ധപ്പെടുക.

ഞങ്ങളുടെ വാർഷികപ്രവർത്തനരൂപരേഖ സ്ഥിരമായി ലഭിക്കുവാൻ താല്പര്യമുള്ളവർ ഇൻസ്റ്റിറ്റ്യൂട്ടിന് എഴുതിയാൽ താങ്കളുടെ വിലാസം ഞങ്ങളുടെ മെയിലിംഗ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതാണ്.

ഐ. എസ്. ഐ. ബാംഗ്ലൂർ സ്റ്റാഫ് ടീം

Typeset at CODAPSCAN, KNR-2. Ph : 66097 & Printed at BRB Offset Printers, KNR-6. Ph:69995

Digitized by:
Thomas John Palakkudy